**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 6669 01.11.2011 ൽ മറുപടിക്ക്

**കറുകുററി-മൂക്കന്നൂർ കുടിവെള്ള പദ്ധതി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജോസ് തെററയിൽ | | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) അങ്കമാലി നിയോജക മണ്ഡലത്തിലെ കറുകുററി മുക്കന്നൂർ കുടിവെള്ള പദ്ധതി പൂർത്തിയാക്കുന്നതിലെ കാലതാമസം വിശദമാക്കുമോ ; | (എ) | അങ്കമാലി നിയോജക മണ്ഡലത്തിലെ കറുകുററി മുക്കന്നൂർ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ ശുദ്ധീകരണ ശാല, പമ്പിംഗ് മെയിൻ, വിതരണ ശൃംഖലയുടെ പ്രധാന പൈപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് കൈമാറിയ സ്ഥലത്തിൻെറ ഒരു ഭാഗത്ത് കൈവശം സംബന്ധിച്ച് തർക്കവും കോടതിയിൽ കേസും നിലവിലുണ്ട്. ആയതിനാൽ ടി പദ്ധതിയുടെ പമ്പിംഗ് പൈപ്പുകളും കറുകുററി മുക്കന്നൂർ പഞ്ചായത്തുകൾക്ക് ജലശുദ്ധീകരണ ശാലയിൽനിന്ന് വെള്ളം കൊണ്ടുപോകുന്ന പ്രധാന പൈപ്പുകളും സ്ഥാപിക്കുന്നതിന് കഴിഞ്ഞിട്ടില്ല. തർക്കം പരിഹരിക്കുന്നമുറയ്ക്ക് പദ്ധതി പൂർത്തിയാക്കുന്നതാണ് വിതരണ ശൃംഖലയിലെ എൻ.എച്ച്. ക്ലോസിംഗിനുള്ള അനുമതി കിട്ടുന്നതിനുള്ള കാലതാമസവും പദ്ധതിയുടെ പൂർത്തീകരണത്തിന് തടസ്സമായിട്ടുണ്ട്.. |
| (ബി) ഈ പദ്ധതിയിൽ ഇനി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കുവാനുള്ളത് ; | (ബി) | ഈ പദ്ധതിക്കുവേണ്ടി 315 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുവാനുണ്ട്. റോ വാട്ടർ പമ്പിംഗ് മെയിൻ ആകെയുള്ള 3300 മീററിൽ 1400 മീററും ഡിസ്ട്രിബ്യൂഷൻ പൈപ്പുകളിൽ ആകെയുള്ള 121.5 കി.മീററിൽ 17 കിലോമീററും പൂർത്തിയാക്കാനുണ്ട്. |
| (സി) ഈ പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ ? | (സി) | ടി പദ്ധതി 3 /2012 ൽ പൂർത്തിയാക്കുവാനുദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ